**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1592** **16-10-2026-ൽ മറുപടിയ്ക്ക്**

**കായിക ഉച്ചകോടിയെക്കുറിച്ചുള്ള പരാതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2024 ൽ കായികവകുപ്പ് സംഘടിപ്പിച്ച കായിക ഉച്ചകോടിയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** 2024-ൽ കായിക വകുപ്പ് സംഘടിപ്പിച്ച കായിക ഉച്ചകോടിയെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** നിക്ഷേപ വാഗ്ദാനം നൽകി സ്ഥാപനങ്ങളെ മുൻ സർക്കാർ വഞ്ചിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത കായിക ഉച്ചകോടിക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിക്ഷേപങ്ങൾ കേരളത്തിൽ വന്നിട്ടുണ്ടോയെന്നും കായിക ഉച്ചകോടിയിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

**മറുപടി:** ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024-ക്കായി ആകെ 3,43,07,676.50 രൂപ ചെലവായിട്ടുണ്ട്. കായിക സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. കായിക ഉച്ചകോടിയെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**